പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5105 — 27.06.2019 ൽ മറുപടിയ്ക്ക്

## രാത്രി യാത്ര നിരോധനം

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ദേശീയപാത 766 ലെ (വയനാട് നിന്നും മൈസൂരിലേക്കുള്ള) രാത്രി യാത്ര നിരോധനം നീക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | .കേരള കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധിച്ചുകൊണ്ട് കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ ബഹു. സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഇതിന്മേൽ 10.01.2018-ന് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കേന്ദ്ര ഗതാഗത സെക്രട്ടറിയുടെ (MoRTH) നേതൃത്വത്തിൽ കേരള - കർണ്ണാടക - തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും, റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ച പ്രകാരം യാത്രാ നിരോധനം ഉള്ള മേഖലയിൽ ഒരു എലവേറ്റഡ് പാത നിർമ്മിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും ആയതിനുള്ള ചെലവ് ഏകദേശം 500 കോടി രൂപ വരുമെന്നും, അതിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാർ ഈ ശുപാർശ സ്വാഗതം ചെയ്യുകയും പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു എന്നു മാത്രമല്ല ഇതിനായി 2019-2020 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുകയും ചെയ്തു.<br>എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ കർണ്ണാടക സർക്കാരും കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയവും എതിർത്തതിന്റെ പശ്ചാത്തലത്തിൽ ബഹു. സുപ്രീംകോടതി കാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു സമിതിയെ പ്രസ്തുത വിഷയത്തിൽ ശുപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി രാത്രി യാത്രാ നിരോധനവുമായി ബന്ധപ്പെട്ട് തൽസ്ഥിതി തുടരാവുന്നതാണെന്ന് ബഹു. സുപ്രീം കോടതി മുൻപാകെ റിപ്പോർട്ട് നൽകി. ഇതിനെ ശക്തമായി എതിർത്തുകൊണ്ടും കേന്ദ്ര ഗതാഗത സെക്രട്ടറി സമർപ്പിച്ച ശുപാർശ അംഗീകരിച്ച് നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ